# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സോസൈറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്

സ.ഉ.(സാധാ)നം.366/14/തസ്വഭവ        തിരുവനന്തപുരം, തീയതി : 10.02.2014.

---

പരാമർശം:- (1) 03.03.2012-ലെ സ.ഉ(സാധാ)നം.667/12/തസ്വഭവ
(2) കേരള ആയൂർവേദിക് കോ-ഓപ്പറേറ്റീവ് സോസൈറ്റി സെക്രട്ടറിയുടെ 22.02.2014 -ലെ അപേക്ഷ
(3) 22.01.2014-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 3.32 നമ്പർ തീരുമാനം

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്കാവശ്യമായ ഔഷധങ്ങൾ കോഴിക്കോട് ജില്ലയിലെ കേരള ആയൂർവേദിക് കോ-ഓപ്പറേറ്റീവ് സോസൈറ്റിയിൽ നിന്നും വാങ്ങുന്നതിനുള്ള സമയപരിധി ഒരു വർഷത്തേയ്ക്ക് കൂടി നീട്ടിക്കൊണ്ട് (16.02.2012 മുതൽ 15.02.2013 വരെ) പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത അനുമതി വീണ്ടും ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം കേരള ആയൂർവേദിക് കോ-ഓപ്പറേറ്റീവ് സോസൈറ്റി സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. പരാമർശം 3-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയൂർവേദ ആശുപത്രികളിൽ ആയൂർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കേരള ആയൂർവേദിക് കോ-ഓപ്പറേറ്റീവ് സോസൈറ്റിക്ക് നൽകിയ അനമതി 16.02.13 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി.വത്സല**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
} ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കേണ്ടതാണ്.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ആഫീസർ
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രസിഡന്റ്, കേരള ആയൂർവേദിക് കോ-ഓപ്പറേറ്റീവ് സോസൈറ്റി., മീഞ്ചന്ത, കോഴിക്കോട്.
എക്സിക്യൂട്ടിവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, റ്റി.സി25/2727(4),ലുക്ക്സ് ലെയ്ൻ,പുളിമൂട്, തിരുവനന്തപുരം.
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ